പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5712** **02-7-2014-ൽ മറുപടിക്ക്**

## മീനാട് ശുദ്ധജല വിതരണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.എസ്. ജയലാൽ | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മീനാട് ശുദ്ധജലവിതരണ പദ്ധതിയുടെ ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈൻ സ്ഥാപിക്കുന്നത് പൂർത്തീകരിക്കുവാൻ ഇപ്പോൾ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; പ്രസ്തുത കരാറുകാരന് പണി പൂർത്തീകരിക്കുവാൻ അനുവദിച്ച് നൽകിയിട്ടുള്ള കാലാവധി എത്രയാണ്; വിശദാംശം അറിയിക്കുമോ; | (എ) മീനാട് ശുദ്ധജലവിതരണ പദ്ധതിയുടെ ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പണികൾ ഇപ്പോൾ ടെക്പ്രോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്, കൊച്ചിൻ എന്ന കമ്പനിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്. പ്രസ്തുത കമ്പനിയ്ക്ക് 2012 ജൂണിൽ കരാർ നൽകി. 2013 ഡിസംബർ 31 ആയിരുന്നു പണി പൂർത്തീകരിക്കേണ്ടിയിരുന്ന കാലാവധി. |
| (ബി) പ്രസ്തുത ജോലികൾ പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (ബി) പണികൾ പൂർത്തീകരിക്കേണ്ട കാലാവധി 2013 ഡിസംബർ വരെ ആയിരുന്നു. ഈ കാലാവധിക്കുള്ളിൽ പണി പൂർത്തീയാക്കാത്തതിനാൽ നിരവധി തവണ കരാറുകാരന് നോട്ടീസുകൾ നൽകുകയും വിവിധ തലങ്ങളിൽ മീറ്റിംഗുകൾ നടത്തി പണി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയുമുണ്ടായി. |

സെക്ഷൻ ഓഫീസർ